# പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര.ചിഹ്നമിടാത്ത ചോദ്യം നമ്പർ.3212 20.06.2014-ൽ മറുപടിക്ക്.

## ഗ്രാമകേന്ദ്രങ്ങളുടെ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും വാർഡ് സഭ കൂടുന്നതിന് ഗ്രാമകേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഗ്രാമസഭ അംഗങ്ങളുടെ ഒത്തുചേരലിനും തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണ ചർച്ചകൾക്കുമായി ഒരോ വാർഡിലും 'സേവാഗ്രാം' എന്ന പേരിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാർ 28.03.2014-ലെ35208/ഡി.എ3 /2012/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഈ ഗ്രാമകേന്ദ്രങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എക്സ്റ്റൻഷൻ സെന്ററുകളാക്കുമോ; ഇവിടെ പ്രത്യേക സ്റ്റാഫിനെ നിയമിക്കുമോ;<br>(സി) ഗ്രാമകേന്ദ്രങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവയുടെ നിർമ്മാണ ചുമതല ആർക്കാണ്; എത്ര സ്ക്വയർ ഫീറ്റിലാണ് ഇത് നിർമ്മിക്കുന്നത്; സ്ഥലമെടുപ്പ് ആവശ്യമുണ്ടെങ്കിൽ അത് ഏറ്റെടുക്കാൻ തയ്യാറാകുമോ? | (ബി) & (സി) | സേവാഗ്രാം എന്ന പേരിൽ അറിയപ്പെടുന്ന ഗ്രാമകേന്ദ്രങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന ഒരു എക്സ്റ്റൻഷൻ കേന്ദ്രമായി പ്രവർത്തിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വാർഡുകളിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങൾ ഗ്രാമകേന്ദ്രത്തിന്റെ ഓഫീസിനു വേണ്ടി ഉപയോഗിക്കാവുന്നതാണെന്നും ഇപ്രകാരമുള്ള കെട്ടിടങ്ങൾ ലഭ്യമല്ലാത്ത വാർഡുകളിൽ 25 ച.മീറ്റർ എങ്കിലും വിസ്തീർണ്ണമുള്ള വാടക കെട്ടിടം ഗ്രാമകേന്ദ്രത്തിന്റെ ഓഫീസിനായി കണ്ടെത്തേണ്ടതാണെന്നും മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്.<br>ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തനം നിരീക്ഷിക്കുന്നതിനുമായി ഒരു സമിതി രൂപീകരിച്ചുകൊണ്ട് സ.ഉ(സാധാ)നമ്പർ.1432/14/ തസ്വഭവ ആയി 07.06.14-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ